മത്സ്യഭവൻ, മത്സ്യബൂത്ത് എന്നിവയുടെ പ്രവർത്തനം

2 (3641) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഭവൻ, മത്സ്യബൂത്ത് എന്നീ പദ്ധതികൾ അനുസരിച്ച് അവ എത്രയെണ്ണം വീതം നാളിതുവരെ നടപ്പാക്കിയിട്ടുണ്ട് ;

(ബി) അവയിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) അവയുടെ ജില്ല തിരിച്ചുള്ള എണ്ണം വെളിപ്പെടുത്തുമോ ;

(ഡി) ഫിഷറീസ് വകുപ്പിലും മത്സ്യഫെഡിലും എത്ര മത്സ്യബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട് ;

(ഇ) ഓരോ മത്സ്യ ബൂത്തിനും എത്ര രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട് ;

(എഫ്) മത്സ്യഭവൻ, മത്സ്യബൂത്ത് എന്നീ പദ്ധതികൾ പരാജയപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ച് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുവാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) യഥാക്രമം 100-ഉം, 172-ഉം വീതം തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 94 മത്സ്യഭവനുകളും 70 മത്സ്യബൂത്തുകളും പ്രവർത്തിക്കുന്നുണ്ട്.

(സി) എണ്ണം സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഡി) ഷിഷറീസ് വകുപ്പ് മുഖേന 80 മത്സ്യബൂത്തുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യഫെഡ് മുഖാന്തിരം 70 മത്സ്യബൂത്തുകൾ സ്ഥാപിച്ചുകഴിഞ്ഞു.

(ഇ) ഫിഷറീസ് വകുപ്പ് മുഖേന സ്ഥാപിക്കുന്ന ഓരോ മത്സ്യബൂത്തിനും 50,000 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. മത്സ്യഫെഡ് മുഖേന ഐ.എഫ്.ഡി.പി.-98 എന്ന പദ്ധതി പ്രകാരം സ്ഥാപിക്കുന്ന ഓരോ മത്സ്യബൂത്തിനും 57,500 രൂപ വരെ ഗ്രാന്റായി അനുവദിക്കുന്നു.

(എഫ്) പ്രസ്തുത പദ്ധതികൾ പരാജയപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[30-3-2000-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ 2 (3641) ദയവായി കാണുക]

പ്രവർത്തനനിരതമായ മത്സ്യഭവനുകളുടെയും മത്സ്യബുത്തുകളുടെയും ജില്ല തിരിച്ചുള്ള എണ്ണം

	ജില്ല	മത്സ്യഭവൻ	മത്സ്യ ബുത്ത്
1.	തിരുവന്തപുരം	15	13
2.	കൊല്ലം	10	8
3.	ആലപ്പുഴ	14	8
4.	കോട്ടയം	2	4
5.	എറണാകുളം	14	6
6.	തൃശ്ശൂർ	9	5
7.	മലപ്പുറം	9	9
8.	കോഴിക്കോട്	11	3
9.	കണ്ണൂർ	7	5
10.	കാസർഗോഡ്	3	9
		94	70

LIBRARY ARCHIVES Kerala Legislative Assembly